# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/9/2018 2018 ജനുവരി 10

## <u>പത്രക്കുറിപ്പ്</u>

### <u>എം.ജി. ആഗോള ജൈവ സംഗമത്തിനായി നാടൻ നെല്ലിനങ്ങൾ വിതച്ചു</u>

## <u>പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പ്രതിവിധി ജൈവജീവനം – എം.ജി. വി.സി.</u>

പ്രകൃതിയും മനുഷ്യരും ഇതര ജീവജാലങ്ങളും നേരിടുന്ന സങ്കീർണ്ണ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ജൈവ ജീവനമാർഗ്ഗം മാത്രമാണ് പ്രതിവിധിയെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാലാ ജൈവ സുസ്ഥിര കൃഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കം വല്ലകത്ത് പാട്ടത്തിനെടുത്ത ആറേക്കർ തരിശുപാടത്ത് തനത് നാടൻ നെൽവിത്തിനങ്ങളുടെ കൃഷി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പരമ്പരാഗത ആരോഗ്യ സംരക്ഷണ പ്രതിവിധികളിൽ ഉപയോഗിക്കുന്ന രക്തശാലി, ഞവര, കുഞ്ഞൂഞ്ഞ് എന്നീ നെൽവിത്തിനങ്ങളാണ് കൃഷിയിറക്കിയത്. ഏപ്രിൽ മാസം നടത്തുന്ന ത്രിദിന അന്താരാഷ്ട്ര പ്രകൃതി ജൈവ സംഗമത്തിനോടനുബന്ധിച്ച് ജൈവ നെൽകൃഷിയുടെ കൊയ്ത്തുത്സവം നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ജൈവകൃഷി പരമ്പരാഗത കൃഷിയിലേക്കുള്ള തിരിച്ചുപോക്കല്ല, മറിച്ച് അതിജീവനത്തിനുള്ള നവീനവും മഹത്തരവുമായ മാതൃകയാണെന്ന് വൈസ് ചാൻസലർ പറഞ്ഞു. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം മണ്ണിനെയും ജലത്തെയും വായുവിനെയും മലിനപ്പെടുത്തി. മനുഷ്യരുൾപ്പെടെ സർവ്വ ജീവജാലങ്ങളേയും ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതിൽ നിന്നും രക്ഷനേടാനുള്ള മാർഗ്ഗമായാണ് ജൈവകൃഷി രീതികളെ പൊതുസമൂഹം നോക്കിക്കാണേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷണപാനീയങ്ങളിൽ വർദ്ധിച്ചുവരുന്ന രാസകീടനാശിനികളുടെ അപകടകരമായ സാന്നിദ്ധ്യം മൂലം പഴയകാല രോഗങ്ങൾ പുത്തൻരൂപത്തിൽ പുനർജ്ജനിച്ചുകൊണ്ടിരിക്കുകയാണെന്ന് ജൈവം സംഘാടകസമിതി ചെയർമാൻ അഡ്വ. പി.കെ. ഹരികുമാർ തന്റെ മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. കൂടാതെ ജീവിതശൈലീരോഗങ്ങളോടൊപ്പം പുത്തൻ രോഗങ്ങളുടെ നീണ്ടനിര മനുഷ്യരെയും ജന്തുജാലങ്ങളെയും കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന ദാരുണമായ കാഴ്ചയും നാമിന്ന് കാണുകയാണ്. ജൈവസാക്ഷരതയിലൂടെ ഉളവാകുന്ന നവമനോഭാവത്തിലൂടെ മാത്രമേ ഇതിൽനിന്നും മുക്തിനേടാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

ജൈവം ജനറൽ കൺവീനറും സർവ്വകലാശാലാ രജിസ്ട്രാറുമായ എം.ആർ. ഉണ്ണി, ഉദയനാപുരം പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മോഹനൻ, വൈക്കം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.പി. ഉദയകുമാർ, ഉദയനാപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുലോചനാ പ്രഭാകരൻ, കൃഷി ഓഫീസർ വി.എം. സീന, കെ.ജി. ഷാജി, ടെക്നിക്കൽ ഓഫീസർ എബ്രഹാം മാത്യു എന്നിവർ സംസാരിച്ചു. കേരളാ ജൈവ കർഷകസമിതി സംസ്ഥാന സെക്രട്ടറി ജോർജ്ജ് മുല്ലക്കര, കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർസർവ്വകലാശാലാ ജൈവ സുസ്ഥിര കൃഷി പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വൈക്കം വല്ലകത്ത് പാട്ടത്തിനെടുത്ത ആറേക്കർ തരിശുപാടത്ത് തനത് നാടൻ നെൽവിത്തിനങ്ങളുടെ കൃഷി വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. ജൈവം സംഘാടകസമിതി ചെയർമാനും സിൻഡിക്കേറ്റംഗവുമായ അഡ്വ. പി.കെ. ഹരികുമാർ, രജിസ്ട്രാർ എം.ആർ. ഉണ്ണി തുടങ്ങിയവർ സമീപം**

**പ്രാക്ടിക്കൽ**

2017 ഒക്ടോബർ/നവംബർ മാസങ്ങളിൽ നടത്തിയ നാലും രണ്ടും സെമസ്റ്റർ ബി.വോക് മാർക്കറ്റിംഗ് മാനേജ്മെന്റും ഐ.ടി.യും, റീടെയിൽ മാനേജ്മെന്റും ഐ.ടി.യും പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 16 മുതൽ 19 വരെ മാന്നാനം കെ.ഇ. കോളേജിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>പരീക്ഷാഫലം</u>**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ എം.എ. മൾട്ടിമീഡിയ (ഓഫ് കാമ്പസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 22 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**